പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിന് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട്

*17 [370] *ശ്രീ. കെ. എ. ചന്ദ്രൻ:*

,, കെ. സി. ജോസഫ്:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന ദുരിതങ്ങൾ നേരിടുന്നതിന് സ്വീകരിക്കേണ്ട നടപടികളെപ്പറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ്ധസമിതിയെ നിയമിച്ചിരുന്നുവോ;

(ബി) പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(സി). സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിലെ ശുപാർശകൾ എന്തെല്ലാമെന്ന് പറയുമോ;

(ഡി) ഈ ശുപാർശകൾ നടപ്പാക്കുവാൻ എന്തെല്ലാം നടപടികളെടുത്തു?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (*ശ്രീ. കെ. എം. മാണി):*

(എ) നിയമിച്ചിരുന്നു.

(ബി) സമിതിയിലെ അംഗങ്ങൾ ഇവരെല്ലാമായിരുന്നു.

1. ഡോ. എ. ഇ. മുത്തുനായകം, പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് (ചെയർമാൻ)
2. പ്രൊഫ. കെ. റ്റി. ദാമോദരൻ, കൊച്ചി ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റി (അംഗം)
3. ഡോ. സി. പി. രാജേന്ദ്രൻ, ഭൗമശാസ്ത്ര പഠനകേന്ദ്രം (അംഗം)
4. ഡോ. കെ. ജി. താര, ലാന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (അംഗം)
5. ഡോ. എം. ബാബു, ഡയറക്ടർ, ഭൗമശാസ്ത്ര പഠനകേന്ദ്രം (അംഗം)
6. ഡോ. ഇ. ജെ. ജെയിംസ്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (അംഗം)
7. ഡോ. ജയകുമാർ, വിഴിഞ്ഞം ഇന്റർ നാഷണൽ സീപോർട്ട് ലിമിറ്റഡ് (അംഗം)

LIBRARY ARCHIVES Kerala Legislative Assembly

8. ഡോ. കെ. ആർ. എസ്. കൃഷ്ണൻ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് ഡയറക്ടർ (കൺവീനർ)

9. ഡോ. എസ്. സുന്ദർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈ (പ്രത്യേക ക്ഷണിതാവ്)

(സി) സമിതി ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തീരദേശ ജനവിഭാഗത്തിന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ആവശ്യമായ സാമ്പത്തിക നിയമപരിരക്ഷയോടുകൂടിയ സംസ്ഥാന ദുരന്ത മാനേജുമെന്റ് അതോറിറ്റി, സംസ്ഥാന ക്രൈസിസ് മാനേജുമെന്റ് സമിതി, സംസ്ഥാനതല മാനേജുമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സ്ഥാപിക്കണം എന്നിവയാണ് പ്രധാന ശുപാർശകൾ.

(ഡി) സംസ്ഥാനത്ത് ഒരു ഡിസാസ്റ്റർ അതോറിറ്റി രൂപീകരിക്കുന്നതിലേക്ക് ഒരു കരട് ഡിസാസ്റ്റർ മാനേജുമെന്റ് ബിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ മേൽനടപടികൾ നടന്നുവരുന്നു.

സംസ്ഥാനത്തെ പാവപ്പെട്ട വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ചികിത്സാ ഇളവ് അനുവദിക്കാൻ നടപടി

*18 [374] *ശ്രീ. പി. ജയരാജൻ:*

„ *പി. സി. ജോർജ്:*

„ *വി. ചെന്താമരാക്ഷൻ:*

„ *എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൃക്കരോഗികളിൽ പാവപ്പെട്ടവരുടെ ചികിത്സയ്ക്കായി സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഡയാലിസിസ് നടത്തുന്നതിന് വൻതുക നൽകേണ്ടിവരുന്നതുകൊണ്ട് പാവപ്പെട്ട രോഗികൾക്ക് പ്രസ്തുത ചികിത്സ ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പാവപ്പെട്ട വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ചികിത്സാ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) സർക്കാർ ആശുപത്രികളിൽ ഇത്തരത്തിലുള്ള ആനുകൂല്യം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

GPM. 2/588/2012—7

LIBRARY ARCHIVES Kerala Legislative Assembly